# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *333 – 12/11/2019 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്കുള്ള ഇളവുകൾ


ചോദ്യം

ഡോ.എം. കെ. മുനീർ

ശ്രീ.എം.ഉമ്മർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ടി.എ.അഹമ്മദ് കബീർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് ഏതെല്ലാം വിധത്തിലുള്ള ഇളവുകൾ നൽകാനാണ് ധനകാര്യ വകുപ്പ് ശിപാർശ നൽകിയിരിക്കുന്നത്; വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്ന തിനായി വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 01.04.2012 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ (Non NPA/Standard) വായ്പകൾക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകി വരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകി വരുന്നു.<br>കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് |

| | | |
|---|---|---|
| | | പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു. |
| (ബി) | വായ്പാ കുടിശ്ശികയുള്ളവർക്ക് പലിശ ഇളവ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതൽ വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം നൽകി വരുന്നത്; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിലെ യോഗ്യരായ അപേക്ഷകർക്ക് പലിശയിളവ് നൽകുന്നുണ്ട്. 01.04.2012 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് വരുന്ന നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പകളിന്മേൽ 01.04.2016 മുതൽ 31.03.2020 വരെയുള്ള നാല് വർഷ കാലയളവിൽ വാർഷിക തിരിച്ചടവ് തുകയുടെ (12 x EMI) 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നു. 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്തു വരുന്ന 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകളുടെ അടിസ്ഥാന തുകയുടെ 60% സർക്കാർ നൽകുന്നു. അടിസ്ഥാന തുക പൂർണ്ണമായും അടച്ചു തീർക്കുമ്പോൾ വായ്പ തുകയിന്മേൽ ഈടാക്കിയിട്ടുള്ള മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്തുകൊണ്ട് വായ്പ അക്കൗണ്ട് ക്ലോസ് ചെയ്യാൻ സഹായിക്കുന്നു. 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്തു വരുന്ന 4 ലക്ഷം മുതൽ 9 ലക്ഷം രൂപവരെ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്ക് കുടിശ്ശിക മുതലിന്റെ 50% (പരമാവധി 2,40,000/- വരെ) തിരിച്ചടവ് സർക്കാർ നൽകുന്നു. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80% -മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ട് പോയതോ ആയ വിദ്യാർത്ഥികളുടെ 31/03/2016 നകം എടുത്ത വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തിരിച്ചടവ് തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ സർക്കാർ വഹിക്കുന്നു. |

| | | |
|---|---|---|
| (സി) | വിദ്യാഭ്യാസ വായ്പാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ 2016 മുതൽ നാളിതുവരെ എത്രയാണ് ലഭ്യമായ കേന്ദ്ര സഹായമെന്ന് അറിയിക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് ഈ സർക്കാർ നീക്കി വച്ചതും ചെലവഴിച്ചതുമായ തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പാക്കി വരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additional Authorization) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. പദ്ധതിക്കായി വർഷാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|
| 2017-18 | 2.92 |
| 2018-19 | 153.81 |
| 2019-20 (06.11.2019 വരെ) | 38.84 |
| **ആകെ** | **195.57** |

**സെക്ഷൻ ഓഫീസർ**